# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAMPM 10/1800/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 15/12/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 10/1800/2021 തീയ്യതി: 15/12/2021

## മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 15-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2021 | 02-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-10-2021 | 02-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.റിഷിൽ.പി.,ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജഹാൻ ഖുറൈഷി.എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യൂസഫ്.പി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുജാത.പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ മൊയ്തീൻകുട്ടി A/S കുഞ്ഞാപ്പു | പ്രസിഡന്റ് | 01-04-2019 | 18-09-2019 |
| ശ്രീ.കെ മൊയ്തീൻകുട്ടി A/S ബാവ | പ്രസിഡന്റ് | 19-09-2019 | 31-03-2020 |
| ശ്രീമതി.ഷീജ റ്റി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ. അബു ഫൈസൽ കെ | സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീമതി.ഷീജ റ്റി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2019 | 23-07-2019 |
| ശ്രീ.നവാസ് കെ.പി.എം. | സെക്രട്ടറി | 25-04-2019 | 11-07-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബബിത മുഹമ്മദ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | 01-04-2019 | 02-04-2019 |
| ശ്രീ.ആസിഫ് ജാൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | 03-04-2019 | 31-03-2020 |
| ശ്രീ. അങ്കിരസ് | വെറ്ററിനറി സർജൻ | 01-04-2019 | 07-05-2019 |
| ശ്രീമതി.അനു.ജി | വെറ്ററിനറി സർജൻ | 08-05-2019 | 31-03-2020 |
| ശ്രീ. ഷിഹാബുദ്ദീൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീ.സജയ് കുമാർ | വി.ഇ.ഒ | 01-04-2019 | 20-06-2019 |
| ശ്രീമതി.രജിത എം | വി.ഇ.ഒ | 21-06-2019 | 31-03-2020 |
| ശ്രീമതി.നർഗീസ് പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.അമീർഷ മുഹമ്മദ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.നദീറ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 14-06-2019 |
| ശ്രീമതി.രമ്യ സി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-06-2019 | 15-07-2019 |
| ശ്രീമതി.അരുണിമ ടി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-07-2019 | 31-03-2020 |
| ശ്രീമതി.ഷീജ റ്റി.ആർ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ബാസില സി.പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലിംസി സാമുവൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 29-08-2019 |
| ശ്രീമതി.ലക്ഷമി ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 30-08-2019 | 17-10-2019 |
| ശ്രീമതി.സബ്ന തോമസ് ബി.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 18-10-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujitha.P.K (Auditor, On 21-10-2021)<br>Last Updated By: Sujitha.P.K (Auditor, On 30-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujitha.P.K (Auditor, On 21-10-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 21-10-2021)<br>Last Updated By: Sujitha.P.K (Auditor, On 01-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujitha.P.K (Auditor, On 21-10-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20<br>Written By: Sujitha.P.K (Auditor, On 01-11-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 22-10-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 23-10-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 23-10-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 23-10-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 23-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 23-10-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 23-10-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-11 |
| 13 | ഗ്രാന്റ് വിനിയോഗ പത്രിക അപാകത<br>Written By: Yousuf.P (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-11-1 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-12 |
| 15 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ പദ്ധതി-വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-13 |
| 16 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-14 |
| 17 | എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-15 |

| | | |
|---|---|---|
| 18 | സാങ്കേതിക വിഭാഗം ജീവനക്കാരുടെ അസാന്നിദ്ധ്യത്തിൽ പ്രവൃത്തി നടത്തി<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-16 |
| 19 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 7328 രൂപ<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-17 |
| 20 | ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ വച്ചിട്ടില്ല.<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-18 |
| 21 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-19 |
| 22 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-20 |
| 23 | പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 25-11-2021) | 1-21 |
| 24 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- അപാകത<br>Written By: Rishil.P (Audit Officer, On 02-11-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-22 |
| 25 | സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെയുള്ള പർച്ചേസ് - അനുമതി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 27-11-2021) | 1-23 |
| 26 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Rishil.P (Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 1-24 |
| 27 | ആയുർവേദാശുപത്രി നവീകരണം പ്രൊജക്ട്- മറുപടി ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 1-25 |
| 28 | ലൈഫ് മിഷൻ രണ്ടാം ഘട്ട ഭവന പദ്ധതി - ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കിയില്ല.<br>Written By: Yousuf.P (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 1-26 |
| 29 | വീട് വാസയോഗ്യമാക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത<br>Written By: Yousuf.P (Asst. Audit Officer, On 03-11-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 23-10-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 23-10-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 25-10-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 25-10-2021)<br>Last Updated By: Sujitha.P.K (Auditor, On 01-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 25-10-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujitha.P.K (Auditor, On 25-10-2021)<br>Last Updated By: Sujitha.P.K (Auditor, On 01-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 25-10-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 25-10-2021)<br>Last Updated By: Sujitha.P.K (Auditor, On 01-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 25-10-2021)<br>Last Updated By: Sujitha.P.K (Auditor, On 03-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 25-10-2021)<br>Last Updated By: Unni.P (Deputy Director, On 26-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 25-10-2021)<br>Last Updated By: Unni.P (Deputy Director, On 27-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 09/1 തീ. 21.02.2019 | 3/ KP/07/03/74/2020 തീ. 23.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 08.06.2020 | . | . |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40384586.14 |
| വരവ് | 58225009 |
| ആകെ | 98609595.14 |
| ചെലവ് | 61862800 |
| നീക്കിയിരിപ്പ് | 36746795.14 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12872817 | 12872817 | 11191805 | 1681012 |
| വികസനഫണ്ട് എസ്.സി.പി. | 0 | 540000 | 540000 | 397000 | 143000 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15261000 | 15261000 | 9851347 | 5409653 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4116000 | 4116000 | 1418021 | 2697979 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10413567 | 10413567 | 6563008 | 3850559 |
| ബി ഫണ്ട് | 0 | 16683420 | 16683420 | 16683420 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 11959692/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 11191805 /-രൂപയാണ്. (ജി.ഒ. പ്രൊജക്ട് പ്രകാരം ഡിഡക്ട് ചെയ്ത തുക 767887/-രൂപ)

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 208 | 81230121 | 138 | 43661502 | 3 | 67 | 66.35% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 702891.14 | 482612 | 1185503.14 | 1071089 | 114414.14 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4671520 | 4671520 | 4671520 | 0 |
| ആകെ | 702891.14 | 5154132 | 5857023.14 | 5742609 | 114414.14 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6720 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 37800 | 13 |
| വിധവാപെൻഷൻ | 5354400 | 973 |
| വാർദ്ധക്യകാലപെൻഷൻ | 9083700 | 1648 |
| വികലാംഗപെൻഷൻ | 2089800 | 382 |
| വിവാഹ ധനസഹായം | - | - |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - |

## 1-8 ക്യാഷ് പരിശോധന

94-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10332/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 3 വർഷമായി സ്ഥിരം അസി.എഞ്ചിനീയറുടെ സേവനം ലഭ്യമല്ല. അതുകൊണ്ട് തന്നെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിൽ പോരായ്മകളുണ്ട് (ഖണ്ഡിക 1-16 കാണുക). വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിലും പഞ്ചായത്ത് കമ്മിറ്റി മിനുട്ട് ബുക്കിലും സ്റ്റാറ്റസ് റിപ്പോർട്ടിലും ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളിലും മറ്റ് ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അംഗനവാടികളിലും അറ്റകുറ്റ പണികൾ നടത്തുന്നതിന് നിർദ്ദേശങ്ങൾ ധാരാളം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പദ്ധതികൾ തയ്യാറാക്കുമ്പോൾ കെട്ടിടങ്ങളിൻമേലുള്ള അറ്റകുറ്റ പണികൾക്ക് പ്രാധാന്യം നൽകുന്നില്ല. 99 ശതമാനവും റോഡ് പ്രവൃത്തികൾക്ക് മുൻഗണന നൽകി പദ്ധതികൾ തയ്യാറാക്കുന്നതായി കാണുന്നു. തൻവർഷത്തിൽ മരാമത്ത് മേഖലയിൽ 91 പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. ഇതിൽ ഒരു പ്രവൃത്തി മാത്രമാണ് കെട്ടിട

നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളത്. മറ്റ് 90 പ്രവൃത്തികളും റോഡ് പ്രവൃത്തികളുമായി ബന്ധപ്പെട്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച പോരായ്മകൾ പരിഹരിക്കുന്നതിനാണ് അതാത് മേഖലകളിലെ പ്രോജക്ടുകൾ തയ്യാറാക്കുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൻ വർഷത്തിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കിയതായി കാണുന്നില്ല. പ്രവൃത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധന നടത്തി ആവശ്യകതക്കനുസരിച്ച് പദ്ധതികൾ തയ്യാറാക്കുന്നില്ല. പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ ഭാഗത്തു നിന്നും ഇടപെടലുകൾ ഉണ്ടാവുന്നില്ല. നിർമ്മാണം പൂർത്തീകരിച്ച് 17 വർഷം കഴിഞ്ഞിട്ടും ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായ വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉപയോഗപ്പെടുത്തുവാൻ ഗ്രാമ പഞ്ചായത്തിന് നാളിത് വരെ സാധിച്ചിട്ടില്ല എന്നത് ഭരണ സമിതികളുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്ക് വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കുന്നതിന് സംവിധാനം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട് (ഖണ്ഡിക 1-24 കാണുക). ക്യാൻസൽഡ് രസീതികൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.09.2021 | 2021-ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ | 08.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.11.2012, 14.12.2012 | 2007-08, 2011-12 | 16.02.2013 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3.ലോൺ രജിസ്ററർ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടില്ല

4.ഡെപ്പോസിറ്റ് രജിസ്ററർ വർഷം തിരിച്ച് വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.അഡ്വാൻസ് രജിസ്റ്ററിൽ വിവരം പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല. ഉദാ:-2018-19 ന് ശേഷം ഫെസ്റ്റിവൽ അഡ്വാൻസ് രേഖപ്പെടുത്തിയിട്ടില്ല.

6.ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരവും 100% നികുതി പിരിവ് സംബന്ധിച്ച് പെർഫോമൻസ് സൂപ്പർവൈസർക്ക് നൽകിയ കത്ത് (നം.എ3-2075/20 തിയ്യതി. 30.8.20) പ്രകാരവും വസ്തു നികുതി ബാലൻസ് ഇല്ല. എന്നാൽ തൻവർഷ B-15 ഷെഡ്യൂൾ പ്രകാരം ലൈബ്രറി കരം ഉൾപ്പെടെ 3644 രൂപ കുടിശ്ശികയുണ്ട്.

7. 2018-19 B-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി കുടിശ്ശികയില്ല. എന്നാൽ തൻവർഷ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരം വസ്തു നികുതി 15287രൂപയും 789രൂപ ലൈബ്രറി കരവും കളക്ഷൻ ഉണ്ട്.

8.ബാലൻസ് ഷീറ്റ് (B-9) പ്രകാരം 2017-18 മുതൽ 34302രൂപ Stale Cheque ബാധ്യത നില നിൽക്കുന്നു. പ്രസ്തുത ചെക്കുകൾ റീ വാലിഡേറ്റ് ചെയ്ത് തുക പിൻവലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

9.തൊഴിൽ നികുതി ശമ്പളത്തിൽ നിന്ന് കുറവ് ചെയ്തത് (27700രൂപ) RP-1 ഷെഡ്യൂളിൽ 110200102 നമ്പർ ഹെഡിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

10. NREGA -മെറ്റീരിയൽ വർക്കുകളുടെ മൂല്യം 970546.50 രൂപയാണ്. 647554 രൂപ മാത്രമാണ് കാപിറ്റൽ എക്സ്പെൻഡീച്ചറായി ഉൾപ്പെടുത്തിയിരിക്കുന്നത്.

11.ഡെപ്പോസിറ്റ് വർക്കിനായി KSEB യിലേക്ക് (സ്ട്രീറ്റ് മെയിൻ വലിക്കൽ) 17492 രൂപ 21900939/30.03.2020 വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി തൻ വർഷം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ഈ തുക ബാലൻസ്ഷീറ്റിൽ കാണിച്ചിട്ടില്ല.

12. ചെലവ് പത്രിക പ്രകാരം സമ്പൂർണ്ണ പാർപ്പിട പദ്ധതി (176/19-20) ക്ക് ജില്ലാ പഞ്ചായത്ത് വിഹിതം 1,89,100 രൂപ വരവ് ചെലവ് ഉണ്ട്. എന്നാൽ വാർഷിക കണക്കിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല.

## 1-11-1 ഗ്രാന്റ് വിനിയോഗ പത്രിക അപാകത

1. വികസന ഫണ്ട് ജനറൽ : ആകെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി (എ.സി.ആർ) പൊരുത്തപ്പെടുന്നില്ല.

സ്റ്റേറ്റുമെന്റ് പ്രകാരം : 1,19,59,692

എ.സി.ആർ പ്രകാരം : 1,11,91,805

2.സി.എസ്.എസ്. : മുൻ ബാക്കിയും തൻ വർഷ വരവും 0 ആണ്. എന്നാൽ 900000രൂപ പദ്ധതി ചെലവുണ്ട്. ആയതിനാൽ ബാലൻസ് -9000000 എന്നമാണ് പത്രികയിലുള്ളത്.

3.എസ്.എസ്.എസ്-ലൈഫ് മിഷൻ : ചെലവ് പത്രിക പ്രകാരം തൻവർഷ വകയിരുത്തൽ 40,00,000 (പ്ലാൻ ഫണ്ട് 18,00,000+ സംസ്ഥാനാവിഷ്കൃത ഫണ്ട് 10,00,000 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം 12,00,000) രൂപയും ചെലവ് 20,00,000 (പ്ലാൻ ഫണ്ട് 15,00,000 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5,00,000) രൂപയുമാണ്. പദ്ധതി അടങ്കൽ ഗ്രാന്റ് പത്രിക പ്രകാരം 1,42,00,000 രൂപയാണ്. ഗ്രാന്റ് പത്രിക പ്രകാരം പ്രകാരം തൻവർഷ വരവ് 1,42,00,000 രൂപയുണ്ട്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1.സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2019-20 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | റഹ്മാനി പ്രൈമറി സ്കൂൾ, രണ്ടത്താണി | I & II |
| 2I | ഇബ്സൺസ് പ്രൈ. ഐ.റ്റി.ഐ &കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൽപ്പകഞ്ചേരി | I & II |
| 3 | ആലിയ ഇംഗ്ലീഷ് സ്കൂൾ | I & II |
| 4 | അൽ-മനാർ ഹയർ സെക്കണ്ടറി സ്കൂൾ, രണ്ടത്താണി | I & II |
| 5 | ഹുദ ഫിസിയോ തെറാപ്പി ക്ലിനിക്ക് | I & II |
| 6 | സൈെലൂൺ ഇന്റർനാഷണൽ ഗേൾസ് സ്കൂൾ | II |
| 7 | ബൈഫാക്കി യതീംഖാനാ ആർട്സ് & സയൻസ് കോളേജ് ഫോർ വുമൺ | I & II |
| 8 | ബൈഫാക്കി യതീംഖാനാ പ്രൈ. ഐ.റ്റി.ഐ | I & II |

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, രണ്ടത്താണി | I |
| 2 | മാവേലി സ്റ്റോർ, കടുങ്ങാത്തുകുണ്ട് | I |
| 3 | ബി.എസ്.എൻ.എൽ, രണ്ടത്താണി | I |
| 4 | വി.ഇ.ഒ | I |

3.ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തിരുന്ന താഴെ പറയുന്ന ദിവസ വേതന ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര്,തസ്തിക | ഒന്നാം അർദ്ധവർഷ വരുമാനം | രണ്ടാം അർദ്ധവർഷ വരുമാനം | ഒന്നാം അർദ്ധവർഷ നികുതി | രണ്ടാം അർദ്ധവർഷ നികുതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഷാഹിദ് പി.ജെ, ഡ്രൈവർ | 111380 | 110110 | 1000 | 1000 |
| 2 | മുഹമ്മദ് ആഷിക്, ടെക്നിക്കൽ അസിസ്റ്റന്റ് | 129380 | 131100 | 1250 | 1250 |
| 3 | സക്കീന, പി.റ്റി.എസ് | 36000 | - | 300 | - |
| 4 | ജാഫർ അലി,3rd Grade Overseer | 119800 | 120000 | 1000 | 1000 |
| | ആകെ | | | 3550 | 3250 |

മേൽ അപാകതകൾ കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.2/23.10.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ പദ്ധതി-വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് – സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ
നമ്പർ – S0180/2020
അടങ്കൽ – 3,40,947 (340,000- ധനകാര്യ കമ്മീഷൻ അവാർഡ്, 947-തനത് ഫണ്ട്)
ബിൽ നം. 17/18-01-2020 : 3,00,000
ഇൻവോയ്സ് നം. KREWS/82/18-19/10-12-2018 : 3,40,947

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം KREWS, കാസർഗോഡിന് 129 LED (18W) ലൈറ്റിന്റെ വിലയായി ആകെ 3,40,947 രൂപയിൽ 3,00,000 രൂപ മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. പ്രൊജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

1. 129 ലൈറ്റുകൾ സ്ഥാപിച്ചതായി KSEB യിൽ നിന്നും ലഭിച്ച സാക്ഷ്യപത്രം

2. 10-12-2018ലെ കരാർ പ്രകാരം 24 മാസമാണ് വാറണ്ടി കാലാവധി. സ്ഥാപിച്ചവയിൽ 60ലേറെ ലൈറ്റുകൾ കത്തുന്നില്ല എന്ന് പരാതി ലഭിച്ചതിന്റ അടിസ്ഥാനത്തിൽ ആയത് പരിഹരിക്കുന്നതിനായി എ1-5895/16/4-11-2019, എ2-5511/2019/20-01-2020 എന്നീ കത്തുകളിലൂടെ KREWS, കാസർഗോഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പരാതി പരിഹരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
3. സ്ട്രീറ്റ് ലൈറ്റ് പരാതി റജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലിലാണ് പരാതി വിവരം രേഖപ്പെടുത്തിയിരിക്കുന്നത്.
4. 129 LED വിളക്കുകളുടെ ആവശ്യകത തീരുമാനിച്ചതിന് അടിസ്ഥാനമാക്കിയ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No. 03/28-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 3,00,00 രൂപ തടസ്സം ചെയ്യുന്നു

## 1-14 ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No. 07/19-20/29-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 5,96,250 രൂപ തടസ്സം ചെയ്യുന്നു

| ക്രമ നം. | ബിൽ/വൗച്ചർ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|
| 1. | 21900930/ 23-03-2020 | ശുചിത്വ മിഷൻ ഫണ്ട് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)ക്ക് നൽകിയത് | 1,90,000 | ചെലവ് രേഖകൾ |
| 2. | 21900941/ 31-03-2020 | പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം പദ്ധതി S0138/2020 | 3,81,442 | ടെണ്ടർ നടപടികളുടെ രേഖകൾ |

| | | | | |
|---|---|---|---|---|
| 3. | 21900896/ 31-03-2020 | സെക്രട്ടറിക്ക് ടി.എ. നൽകിയത് | 7,316 | ചെലവ് രേഖകൾ |
| 4 | 21900939/ 30-03-2020 | സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതി S0262/2020 | 17,492 | വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 5,96,250 | |
| രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. | | | | |

## 1-15 എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S001/2020

അടങ്കൽ - 19,08,560 (വികസന ഫണ്ട് )

ബിൽ നം. 09/18-09-2019 : 9,50,000

ബിൽ നം. 10/25-09-2019 : 9,58,560

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക 7.6 പ്രകാരം എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 19,08,560 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ തുക ചെലവഴിച്ചതിന്റെ വിശദ വിവരം ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 19,08,560 രൂപ തടസ്സം ചെയ്യുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No. 06/28-10-2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 സാങ്കേതിക വിഭാഗം ജീവനക്കാരുടെ അസാന്നിദ്ധ്യത്തിൽ പ്രവൃത്തി നടത്തി

പ്രോജക്റ്റ് നം - 25/2020

ഫണ്ട് -തനത് ഫണ്ട്

അടങ്കൽ - 2,00,000 (TS-41017/19-20)

ചെക്ക് - XY 2809101/14.1.20 -199474

മൂല്യ നിർണ്ണയം - 199474

അളവ് പുസ്തകം- 266/19-20

കരാറുകാരൻ - മുഹമ്മദ് നിയാസ്. K

കരാർ. AE/LSGD/KLPY/4/19-20 Dtd.1.11.19

Esti.No- 2019/85029

Cost Index – 31.06 (2016 DAR)

കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിലെ പാറാംകുളം ശിഹാബ് തങ്ങൾ റോഡ് കോൺക്രീറ്റ് പ്രവൃത്തി കരാറുകാരൻ 12.11.2019 തിയതിയിൽ വൈകുന്നേരം 5 മണിക്ക് ശേഷം പ്രവൃത്തി ആരംഭിക്കുകയും രാത്രി വൈകിയും പ്രവൃത്തി തുടർന്നു നടത്തുകയും ചെയ്തിട്ടുള്ളതായും, അതുകൊണ്ട് തന്നെ പ്രവൃത്തി മേൽനോട്ടം വഹിക്കുന്നതിന് സാങ്കേതിക വിഭാഗം ജീവനക്കാർ ആരും തന്നെ പ്രവൃത്തി സ്ഥലത്ത് ഉണ്ടായിരുന്നില്ലെന്നും വാർഡ് മെമ്പർ പരാതി നൽകിയതായും പഞ്ചായത്ത് ഭരണ സമിതിയുടെ 4-12-2019 ലെ 11 നമ്പർ തീരുമാനത്തിൽ നിന്നും വ്യക്തമായി. അസമയത്തു ചെയ്യുന്ന ഇത്തരം പ്രവൃത്തികൾ ജനങ്ങൾക്ക് തെറ്റായ സന്ദേശം നൽകുമെന്നും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും മെമ്പർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഇതേ ഭരണ സമിതി തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഗുണനിലവാരം പ്രത്യേക

പരിശോധന നടത്തി ഉറപ്പ് വരുത്താൻ അസി.എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇതിൻമേലുള്ള തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് AUDIT ENQUIRY No. 12/ 29.10.21 (2019-20) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത റോഡ് പ്രവൃത്തി ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ വാർഡ് മെമ്പറുടെ പരാതി ശരി വക്കുന്ന രീതിയിൽ റോഡിന്റെ ചില ഭാഗങ്ങൾ പൊളിഞ്ഞതായി ബോധ്യപ്പെട്ടു. പൊതുമരാമത്ത് പ്രവൃത്തികൾ സാങ്കേതിക വിഭാഗം ജീവനക്കാരുടെ മുഴുവൻ സമയ സാന്നിദ്ധ്യത്തിലല്ലാതെ നടത്തിയതിന് വിശദീകരണം നൽകേണ്ടതും പ്രസ്തുത പ്രവൃത്തിയുടെ ഗുണമേൻമ പരിശോധനാ വിധേയമാക്കി ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-17 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 7328 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | കല്ലിങ്ങൽ MC മുഹമ്മദ് ഹാജി റോഡ് ടാറിംഗ് (188/20 )<br>ഫണ്ട് - CFC- 3,00,000<br>ബിൽ നം -42/27.7.19<br>മൂല്യ നിർണ്ണയം - 300000<br>PAC-300000<br>അളവ് പുസ്തകം 250/18-19<br>കരാറുകാരൻ - K.ഉണ്ണികൃഷ്ണൻ<br>കരാർ- AE/LSGD/KLPY/20/17-18 Dtd.17.8.18 | 17.8.18 | 16.3.19 വരെ<br>(7 മാസം) | 17.5.19 | **2067**<br>17.3.19 മുതൽ 17.5.18 വരെ<br>(300000x62/90 X1/100) |
| 2 | പാറക്കൽ കിഴക്കേപ്പാറ റോഡ് റീടാറിംഗ് (SO205/20 )<br>ഫണ്ട് - Maintenance Grant(R)- 3,00,000<br>ബിൽ നം - 58/30.1.20<br>മൂല്യ നിർണ്ണയം -2,99,700<br>PAC- 2,99,700<br>അളവ് പുസ്തകം 307/19-20 | 6.2.19 | 5.9.19 വരെ<br>(7 മാസം) | 8.1.20 | **5261**<br>6.9.19 മുതൽ 5.12.19 വരെ 2997<br>6.12.19 മുതൽ 8.1.20 വരെ 2264 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - മുഹമ്മദ് റിയാസ്.K<br>കരാർ- AE/LSGD/KLPY/31/18-19<br>Dtd.6.2.19 (Tender Below 0.10%) | | | | |
| | ആകെ | | | | **7328** |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(<u>AUDIT ENQUIRY No. 11/ 29.10.21 (2019-20)</u>** മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കാത്തതിനാൽ ഉണ്ടായ നഷ്ടം 7328 രൂപ പ്രവൃത്തികളുടെ പേമെന്റ് നൽകിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## <u>1-18 ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ വച്ചിട്ടില്ല.</u>

GO(RT)3049/2016/LSGD തി.8.11.2016 ഉത്തരവ് പ്രകാരം കരാറുകാർ ടാർ വാങ്ങി പ്രവൃത്തി നടപ്പാക്കുകയാണെങ്കിൽ പ്രവൃത്തിക്ക് വേണ്ടി ബിറ്റുമിൻ വാങ്ങിയതിന്റെ ബിറ്റുമിൻ ബിൽ / ഇൻവോയ്സ് നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ **അസിസ്റ്റന്റ് എഞ്ചിനീയർ** നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നിർവ്വഹിച്ച താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചിട്ടില്ല.

| പ്രോജക്റ്റ് നം. | പ്രവൃത്തി | മൂല്യ നിർണ്ണയം |
|---|---|---|
| S0163/20 | ഉമ്മർപടി-ചിന്നംപടി റോഡ് റീടാറിംഗ് | 2,99,400 |
| S0190/19 | റഹ്മത്ത് നഗർ-തേക്കിൻപാലം റോഡ് റീടാറിംഗ് | 3,54,176 |
| S0197/19 | പാടത്തെപ്പീടിക-സ്റ്റേഡിയം റോഡ് റീടാറിംഗ് | 2,55,722 |
| S0174/20 | വാരിയത്ത് സെവൻസ്റ്റാർ-പത്രാസ്സ്പടി റോഡ് റീടാറിംഗ് | 3,98,400 |
| S0157/20 | വരമ്പിങ്ങൽ-മാമ്പ്ര റോഡ് റീടാറിംഗ് | 2,99,400 |
| S0161/20 | അയിരാണി ജുമാമസ്ജിത് റോഡ് റീടാറിംഗ് | 2,00,000 |
| S0171/20 | ചീനിക്കാട് ശിഹാബ് തങ്ങൾ റോഡ് ടാറിംഗ് | 3,29,967 |
| 81/20 | ഹോമിയോ-പുറന്തോട്ടി റോഡ് ടാറിംഗ് | 2,21,368 |
| S0165/20 | ചേക്കുംപെട്ടിപ്പടി-കല്ലിങ്ങൾപറമ്പ് റോഡ് റീടാറിംഗ് | 2,49,923 |
| S0194/20 | തണ്ണീർചാൽ - ഖബർസ്ഥാൻ റോഡ് പുനരുദ്ധാരണം | 4,46,400 |
| S0237/20 | കിഴക്കേപ്പാടം ചിറ്റാണി റോഡ് പുനരുദ്ധാരണം | 4,88,359 |
| 233/20 | ഉമ്മർപടി-ചിന്നംപടി റോഡ് റീടാറിംഗ് | 2,99,778 |
| 134/20 | ഉണ്ണിയാൽ -ചന്നേരി റോഡ് ടാറിംഗ് | 1,98,660 |
| S0036/20 | മേലെ തേക്കിലക്കാട് അയിരാണി റോഡ് ടാറിംഗ് | 2,99,626 |
| 232/20 | തളരാട് മഠത്തിൽപ്പടി റോഡ് പുനരുദ്ധാരണം | 4,89,870 |
| S0040/20 | തവളം ചിന -ചിന്നംപടി റോഡ് റീടാറിംഗ് | 2,49,611 |
| 173/20 | പൊട്ടേങ്ങൽപടി -താഴെപാലം റോഡ് ടാറിംഗ് | 4,23,556 |
| 193/20 | മേലെ അങ്ങാടി കുട്ടമാസ്റ്റർ റോഡ് | 2,62,920 |

| | | |
|---|---|---|
| | ടാറിംഗ് | |
| 202/20 | കാനാംചേരി കുണ്ടംചിന റോഡ് പുനരുദ്ധാരണം | 4,87,244 |
| 199/20 | കുണ്ടംകടായി തലാപ്പിൽ റോഡ് പുനരുദ്ധാരണം | 3,99,613 |
| 93/20 | താഴെപ്പാലം പള്ളിയാൽ കോളനി റോഡ് | 2,99,644 |
| ആകെ | | 69,53,637 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (**AUDIT ENQUIRY No. 13/ 29.10.21 (2019-20)** മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ടാറിംഗ് പ്രവൃത്തികൾക്ക് വേണ്ടി കരാറുകാർ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ **അസിസ്റ്റന്റ് എഞ്ചിനീയർ** നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വിഷമം സൃഷ്ടിക്കും.

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion) രേഖപ്പെടുത്തുന്നില്ല.

3. പി.ഡബ്യ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

6. കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ (Acknowledgement) മിക്ക പ്രവൃത്തികളുടെ ഫയലുകളിലും ചേർത്ത് വയ്ക്കുന്നില്ല. വച്ചവയിൽ തന്നെ തിയതി, കരാറുകാരന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. മിക്ക പ്രവൃത്തികളിലും സെലക്ഷൻ നോട്ടീസ് ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

8. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വച്ചിട്ടില്ല.

9. വർക്ക് ഓർഡറിൽ സെലക്ഷൻ നോട്ടീസ് നമ്പർ, കരാർ നമ്പർ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

10. മിക്ക ടാറിംഗ് പ്രവൃത്തികളിലും ബിറ്റുമിൻ ഉപയോഗം സംബന്ധിച്ച് ആഡിക്വസി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-20 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

**നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ**

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയോ, ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 10 / 29.10.21 (2019-20)). അപാകതകൾ പരിഹരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-21 പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

**I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല**

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 140 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 91 പ്രൊജക്ടുകളിലായി ആകെ 2,41,60,918 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 140 | ആകെ അടങ്കൽ | 4,45,330,55 |
| നടപ്പിലാക്കിയത് | 91 | ചെലവ് | 2,41,60,918 |
| ശതമാനം | 65 | ചെലവ് ശതമാനം | 54.25 |

മേൽ പദ്ധതികളിൽ 53 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ 06 പ്രവൃത്തികൾ ഈ വർഷത്തിലും നിർവഹിക്കാൻ സാധിച്ചിട്ടില്ല.

**II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.**

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**111)രജിസ്റ്ററുകളുടെ പരിപാലനം**

എം ബുക്ക് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**IV) ബിൽഡിംഗ് നിർമ്മാണ / അറ്റകുറ്റപണികൾക്കുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നില്ല**

ഗ്രാമ പഞ്ചായത്തിൽ വർഷങ്ങളായി സ്ഥിരം അസി.എഞ്ചിനീയർ ഇല്ല. മറ്റു ഗ്രാമ പഞ്ചായത്തിലെ അസി.എഞ്ചിനീയർമാർക്ക് ചാർജ് നൽകുന്ന സ്ഥിതി വിശേഷമാണ് കണ്ടുവരുന്നത്. അതുകൊണ്ട് തന്നെ ബിൽഡിംഗ് നിർമ്മാണ / അറ്റകുറ്റപണികൾക്കുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ വിമുഖത കാണുന്നു. 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അംഗീകാരം ലഭിച്ച 140 പ്രൊജക്ടുകളിൽ (സ്പിൽ ഓവർ ഉൾപ്പെടെ) ബിൽഡിംഗ് നിർമ്മാണ / അറ്റകുറ്റപണികൾക്കുള്ള പ്രോജക്ടുകൾ 5 എണ്ണം മാത്രമാണ് ഉള്ളത്. ഇതിൽ തന്നെ ഒരെണ്ണം മാത്രമാണ് തൻവർഷം നിർവഹിച്ചിട്ടുള്ളത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ ബിൽഡിംഗ് നിർമ്മാണ / അറ്റകുറ്റപണികൾക്കുള്ള നിർദേശങ്ങൾ വന്നിട്ടുണ്ടെങ്കിലും ആയത് പദ്ധതികളായി വന്നിട്ടില്ല.

## 1-22 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- അപാകത

നിർവഹണ ഉദ്യോഗസ്ഥൻ -അസി.സെക്രട്ടറി

14-02-2018-ലെ സ.ഉ(എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്പ്/കമ്പ്യൂട്ടറുകൾ ഗ്രാമ/ നഗര /ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്. എന്നാൽ പാരലൽ കോളേജിൽ പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നും 22703 രൂപ വീതം വിലയുള്ള 4 ലാപ്ടോപ്പുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | വില | തുക നൽകിയ വിവരം | |
|---|---|---|---|---|---|
| | | | | ബിൽ നമ്പർ/ തീയതി | തുക |
| SO219/20<br>SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ<br>ഫണ്ട് - വികസന ഫണ്ട് (SCP) | 14610/<br>28.1.20 | 4 | 22704 | 14/12.2.20 | 90812 |

പാരലൽ കോളേജിൽ പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് മേൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥിക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ഗുണഭോക്താവ് | പഠിക്കുന്ന സ്ഥാപനം | കോഴ്സ് |
|---|---|---|
| അഖില.PP<br>പൊക്കണാത്ത് പറമ്പിൽ | കോ-ഓപറേറ്റീവ് കോളേജ്, തിരൂർ | B.Com |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് **(AUDIT ENQUIRY No. 9/ 29.10.21 (2019-20)** മറുപടി ലഭ്യമാക്കിയിട്ടില്ല. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെയുള്ള പർച്ചേസ് - അനുമതി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ KADCO, ARTCO എന്നീ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ പർച്ചേസ് നടത്തിയിട്ടുണ്ട്. ആയതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

## (എ) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ - അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് – ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ - അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ
നമ്പർ – S0241/2020
അടങ്കൽ – 3,00,000 (തനത് ഫണ്ട്)
വൗച്ചർ നം. 21900793/20-02-2020 : 82,675

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ARTCO Ltd, തൃശ്ശൂരിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ താഴെപ്പറയുന്നവ വാങ്ങിയിട്ടുണ്ട് :

കാഷ് ബിൽ നം. 356/22-01-2020 തുക - 82,675

| Sl. No. | Item | Quantity | Rate | Total (With 18% GST) |
|---|---|---|---|---|
| 1 | Steel Slotted Angle Rack With 5 Panels (390L X38WX200H Cm) | 3 | 19,850 | 70,269 |
| 2 | Steel Slotted Angle Rack With 5 Panels (190L X38WX200H Cm) | 1 | 9925 | 11,711 |

1. മേൽ ഇനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിനുള്ള സർക്കാർ അനുമതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ചെയ്ത പ്രവൃത്തിയുടെ അളവ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (Audit Enquiry No. 05/28-10-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 82,675 രൂപ തടസ്സം ചെയ്യുന്നു.

**(ബി) ഫ്രണ്ട് ഓഫീസ്, പ്രസിഡന്റിന്റെ റൂം നവീകരണം -രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

പ്രൊജക്ട് – ഫ്രണ്ട് ഓഫീസ്, പ്രസിഡന്റിന്റെ റൂം നവീകരണം

നമ്പർ – S0179/2020

അടങ്കൽ – 6,29,805 (തനത് ഫണ്ട്)

വൗച്ചർ നം. 21900233/16-07-2019 : 5,04,942

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം KADCO, കോഴിക്കോടിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ താഴെപ്പറയുന്നവ വാങ്ങിയിട്ടുണ്ട് :

A) ഇൻവോയ്സ് നം.NRO/SALES/958/27-03-2019

| Sl. No. | Item | Quantity | Rate | Total |
|---|---|---|---|---|
| 1 | Aluminium Fabrication Work (660 Cm X450 Cm) | 1 | 1,14,444 | 1,14,444 |
| 2 | Ceiling For Front Office | 1 | 69,444 | 21932.5 |
| 3 | Airport Chair-3 Seated | 3 | 11,444 | 34,332 |

18% GST ഉൾപ്പടെ 2,01,436 രൂപ മേൽ ഇൻവോയ്സ് പ്രകാരം KADCO, കോഴിക്കോടിന് നൽകിയിട്ടുണ്ട്.

B) ഇൻവോയ്സ് നം.NRO/SALES/960/27-03-2019 പ്രകാരം വാങ്ങിയിട്ടുണ്ട്. :

| Sl. No. | Item | Quantity | Rate | Total |
|---|---|---|---|---|
| 1 | President Room L-Shape Table (80X60X75cm +60X60X75cm) | 1 | 29,444 | 29,444 |
| 2 | President Room Record Rack | 1 | 49,444 | 49,444 |
| 3 | High Backrevolving Chair – Cushion Seat And Back | 1 | 6,944 | 6,944 |
| 4 | Visitors Chair | 10 | 3944 | 39,440 |
| 5 | Wooden Panelling (210 Cm X1235 Cm 110cm X55cm) | 1 | 99,440 | 99,440 |

18% GST ഉൾപ്പടെ 2,65,160 രൂപ മേൽ ഇൻവോയ്സ് പ്രകാരം KADCO, കോഴിക്കോടിന് നൽകിയിട്ടുണ്ട്.

മേൽ ഇനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ചെയ്ത പ്രവൃത്തിയുടെ അളവ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 04/28-10-2021). രേഖകളുടെ അഭാവത്തിൽ ചെലവ് തുക 4,66,596 രൂപ തടസ്സം ചെയ്യുന്നു.

## 1-24 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

1. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ലേല രജിസ്റ്റർ പരിപാലിക്കുന്നില്ല

3. ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

5. ഗ്രാമ പഞ്ചായത്തിൽ വിവിധ തരം ഓഡിറ്റുകൾ നടക്കുന്നുണ്ടെങ്കിലും ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കിയ വിവരങ്ങളും കാണിച്ചു കൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് പരിപാലിച്ചിട്ടില്ല.

6. ലോൺ രജിസ്റ്ററിൽ വായ്പ എടുത്തതിന്റെയും അടവു വിവരങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.

7.ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്. ഡെപ്പാസിറ്റ് രജിസ്റ്ററിൽ അഡ്വാൻസ് നൽകിയതിന്റെ വിവരവും അഡ്വാൻസ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് കിട്ടിയതന്റെ വിവരവും ഉൾപ്പെടുത്തി കാണുന്നു.

മേൽ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-25 ആയുർവേദാശുപത്രി നവീകരണം പ്രൊജക്ട്- മറുപടി ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് – ആയുർവേദാശുപത്രി നവീകരണം

നമ്പർ – S228/2019

അടങ്കല് – 4,00,359 (MG-NR)

ബിൽ നം. 05/23-03-2020 : 2,08,935

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം KADCO, കോഴിക്കോടിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ താഴെപ്പറയുന്ന ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. :

| Sl. No. | Item | No. | Rate | Total |
|---|---|---|---|---|
| 1 | Wooden Executive Table | 1 | 21963 | 21,963 |
| 2 | Airport Chair-3 Seated | 6 | 14994 | 89964 |
| 3 | Computer Table | 1 | 19442 | 19442 |
| 4 | Curtain Work | 5 | 2442 | 12210 |
| 5 | Curtain Work | 1 | 1942 | 1942 |
| 6 | Wooden Medicine Dispensing Table | 1 | 31543 | 31543 |

18% GSTയും ഫ്ലഡ് സെസും ഉൾപ്പടെ 2,08,935 രൂപ KADCO, കോഴിക്കോടിന് നൽകിയിട്ടുണ്ട്.

മേൽ ഇനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. 01/22-10-2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ അനുമതിയുടെ അഭാവത്തിൽ ചെലവ് തുക 208935 രൂപ തടസ്സം ചെയ്യുന്നു.

## 1-26 ലൈഫ് മിഷൻ രണ്ടാം ഘട്ട ഭവന പദ്ധതി - ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കിയില്ല.

കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ലൈഫ് മിഷൻ രണ്ടാം ഘട്ട ഭവന പദ്ധതി പ്രകാരം 2018-19 വർഷത്തിൽ ശ്രീ. ഷംസുദ്ദീൻ, തയ്യിൽ എന്നവർക്ക് ഭവന നിർമ്മാണത്തിന് ആദ്യഗഡുവായി 40000 രൂപ അനുവദിച്ചിട്ടുണ്ട് (ബിൽ നമ്പർ-11/25-3-2019 പ്രകാരം 120000 രൂപ പിൻവലിച്ചതിൽ 40000 രൂപ കേരള ഗ്രാമീണ ബാങ്ക്, തിരുനാവായ ശാഖയിൽ ടിയാന്റെ പേരിലുള്ള 40105101029154 നമ്പർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തത്). ഇക്കാര്യം 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-20ൽ പരാമർശിച്ചിട്ടുണ്ട്. നിലവിൽ സൈറ്റിലേക്ക് വഴി സൗകര്യം ലഭ്യമല്ലാത്തതിനാൽ കെട്ടിട നിർമ്മാണം നടത്താൻ കഴിയില്ലെന്നും മുൻകൂർ കൈപ്പറ്റിയ തുക തിരിച്ചടക്കാൻ സന്നദ്ധനാണെന്നും ടിയാൻ നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. (4.12.2019 ലെ 8 നമ്പർ ഭരണസമിതി തീരുമാനം) തുക തിരികെ ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 14/ 01.11.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 വീട് വാസയോഗ്യമാക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

പ്രൊജക്ട് - വീട് വാസയോഗ്യമാക്കൽ (വികസന ഫണ്ട് -ജനറൽ)

പ്രൊജക്ട് നമ്പർ- SO 177/20

അടങ്കൽ- 1,50,000 (Plan (G))

പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് മേൽ പ്രൊജക്റ്റിന് പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം നൽകാവുന്നതാണ്. 2018-19 വർഷത്തെ 17/19പദ്ധതി പ്രകാരം ആകെ 40 ഗുണഭോക്താക്കൾക്ക് വീട് വാസ യോഗ്യമാക്കുന്നതിന് 25000 രൂപ വീതം ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്യുകയും 34 ഗുണഭോക്താക്കൾക്ക് ധന സഹായം നൽകുകയും ചെയ്തിരുന്നു. ശേഷിക്കുന്ന ഗുണഭോക്താക്കളിൽ 4 പേർക്ക് 25000 രൂപ വീതം ധന സഹായം നൽകുന്നതിന് ചുവടെ കൊടുത്തിട്ടുള്ള വിധം 1,00,000 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

ട്രഷറി ബിൽ : 01/24-07-2019 തുക 75,000

ട്രഷറി ബിൽ : 05/23-10-2019 തുക 25,000

ആകെ- 1,00,000

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1.വാസയോഗ്യമല്ലാത്ത ഭവനം വാസ യോഗ്യമാക്കുന്നതിന് മാത്രമാണ് ഈ ധനസഹായത്തിന് അർഹതയുള്ളത്. ആനുകൂല്യം നൽകപ്പെട്ട വീടുകൾ വാസയോഗ്യമല്ലാത്തവയായിരുന്നു എന്നുറപ്പാക്കുന്ന സാക്ഷ്യപത്രങ്ങൾ അപേക്ഷകളുടെ കൂടെ ഹാജരാക്കിയിട്ടില്ല. മാത്രമല്ല പ്രസ്തുത ഭവനങ്ങളിൽ താമസിച്ചു വന്നിരുന്നവർ തന്നെയാണ് അപേക്ഷകർ. യഥാർത്ഥത്തിൽ ഭവനങ്ങളുടെ നാമമാത്ര അറ്റകുറ്റപ്പണികളാണ് നടത്തിയിരിക്കുന്നത്. ആയത് സബ്സിഡി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്ത പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് പര്യാപ്തമല്ല.

2. ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരിക്കണം തുക നൽകേണ്ടത്. എന്നാൽ സംയുക്ത അക്കൗണ്ടുകളിലേയ്ക്കല്ല ധനസഹായം നൽകിയിട്ടുള്ളത്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.15/ 01.11.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്കനുസൃതമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പ്രൊജക്റ്റിന്റെ നം,പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ | 0 | 250000 | 77/19-20-ശാരീരിക-മാനസിക | 250000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 500000 | 6/19-20-സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) | 500000 | 0 |
| | 0 | 227010 | 65/19-20-കിടപ്പിലായ രോഗികൾക്ക് പരിചരണം | 227010 | 0 |
| | 0 | 250000 | 77/19-20-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | 0 | 35122 | 110/19-20-നെൽ കൃഷിക്ക് വിത്തും വളവും കൂലി ചിലവിന് സഹായവും | 35122 | 0 |
| ആകെ | | 1262132 | | 1262132 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21900939/30.03.2020 | 17492 | 0 | 17492 |
| ആകെ | | | 17492 | 0 | 17492 |

ഡെപ്പോസിറ്റ് വർക്കിനായി നൽകിയ പ്രവൃത്തിയുടെ പൂർത്തീകരണ /വിനിയോഗ വിവരം ലഭ്യമായിട്ടില്ല. തുക ബാലൻസ്ഷീറ്റിൽ കാണിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | ലഭ്യമല്ല | | 154687 | 132353 | - | 22334 |

## 4-6 സ്ഥിര നിക്ഷേപം

.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | 5000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| | |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5193220 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| FD(KSCB) | 5193220 | 2829 മുതൽ 2833 വരെ (5 എണ്ണം) |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 52690/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3.5 | 4553 | ശ്രീമതി.നന്ദിത എം.റ്റി അസി.എഞ്ചിനീയർ | 119030101627/11.06.2019 |
| 2017-18 | 3-11(1) | 5245 | ശ്രീമതി.നന്ദിത എം.റ്റി അസി.എഞ്ചിനീയർ | 119030101628/11.06.2019 |
| 2017-18 | 3-7 | 7033 | ശ്രീമതി.നന്ദിത എം.റ്റി അസി.എഞ്ചിനീയർ | 119030101795/17.06.2019 |
| 2017-18 | 3.6 | 13038 | ശ്രീമതി.നന്ദിത എം.റ്റി അസി.എഞ്ചിനീയർ | 119030101978/ 24.06.2019 |
| 2017-18 | 3.11.2 | 8114 | ശ്രീമതി.നന്ദിത എം.റ്റി അസി.എഞ്ചിനീയർ | 119030101979/ 24.06.2019 |
| 2018-19 | 1-22 | 14707 | ശ്രീമതി.ലിൻസി സാമുവൽ | 119030108788/20.12.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 33 | 2003-04 | 40(2) | മരം ലേലം 18294/- രൂപ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58225009 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61862800 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35,63,016 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 3,00,000 | ശ്രീ.അബു ഫൈസൽ.കെ, സെക്രട്ടറി |
| 1-14 | 5,96,250 | ശ്രീ.അബു ഫൈസൽ.കെ, സെക്രട്ടറി |
| 1-15 | 19,08,560 | ശ്രീ.അബു ഫൈസൽ.കെ, സെക്രട്ടറി |
| 1-23(എ) | 82,675 | ശ്രീ.അബു ഫൈസൽ.കെ, സെക്രട്ടറി |
| 1-23(ബി) | 4,66,596 | ശ്രീമതി.ഷീജ.ടി.ആർ, അസി. സെക്രട്ടറി |
| 1-25 | 2,08,935 | ശ്രീ.ഷിഹാബുദ്ദീൻ,മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ആകെ | 35,63,016 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 മുതൽ 1990-91 വരെ | എൽ.എഫ്.എം.5/971/97, തീ. 10-10-10 | 8 |
| 1996-97 | -ടി- | 3 |
| 1998-99 | -ടി- | 9 |
| 1999-00 | -ടി- | 10 |
| 2000-01 | -ടി- | 1 |
| 2001-02 | -ടി- | 4 |

| | | |
|---|---|---|
| 2002-03 | LFM11/1008/2009,തീ.15.03.2010 | 13 |
| 2003-04 | LFM11/1943/2008 തീ.20.04.09/20.10.09 | 12 |
| 2004-05 | LFM11/1944/2008 തീ.20.04.09/20.10.09 | 16 |
| 2005-06 | എൽഎഫ്.എം.11/783/10 , തീ. 30-10-10 | 6 |
| 2006-07 | എൽഎഫ്.എം.11/784/10 , തീ. 30-10-10 | 11 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 21-5-12 | 14 |
| 2008-09 മുതൽ 2010-11 വരെ | കെ.എസ്.എ.എം.പി.എം.10/2946/18 തീ. 05-03-18 | 18 |
| 2011-12മുതൽ 2012-13വരെ | കെ.എസ്.എ.എം.പി.എം.10/2222/19(1), തീ. 12.11.2020 | 19 |
| 2013-14 To 2014-15 | കെ.എസ്.എ.എം.പി.എം.10/2222/19(2), തീ. 12.11.2020 | 22 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം15/3269/2016 തീ.26.02.2018 | 15 |
| 2016-17 | കെ.എസ്.എ എം.പി.എം10/2043/17 തിയതി 28.07.2018 | 09 |
| 2017-18 | കെ.എസ്.എ.എം.പി.എം 10/2632/2018 തിയതി 07.06.2019 | 23 |
| 2018-19 | കെ.എസ്.എ.എം.പി.എം 10/26/2020 തിയതി 24.09.2020 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

എൽ. 11/21

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്